# Athmaraksha.org

സന്ദേശം : യുവജനങ്ങൾ, മാതാപിതാക്കൾ, കുടുംബജീവിതക്കാർ

## ജീവന്റെയും കുടുംബത്തിന്റെയും പവിത്രത സൂക്ഷിക്കുക. മാർപാപ്പ



വാഷിംങ്ടൺ : 'മനുഷ്യജീവൻ' അത് ഏതു തരത്തിലും കാത്തുസൂക്ഷിക്കാനുള്ള ഉത്തരവാദിത്തം നമുക്കുണ്ട്. അതുപോലെതന്നെ, കുടുംബബന്ധത്തിന്റെ പവിത്രത ഒരിക്കലും നശിപ്പിക്കരുത്. കുടുംബം എന്ന പവിത്രമായ സ്ഥാപനത്തിനെതിരെ ഏതൊരു കാലത്തെക്കാളുമുപരി വെല്ലുവിളി നേരിടുന്ന കാലമാണിത്. മാർപാപ്പ യു എസ് കോൺസിനെ അഭിസംബോധന ചെയ്തുള്ള പ്രഭാഷണത്തിൽ പറഞ്ഞു.

യേശു പറഞ്ഞ സുപ്രധാനകൽപനയെ മുൻനിർത്തിയാണ് 45 മിനിറ്റ് നീണ്ടുനിന്ന പ്രഭാഷണം ഫ്രാൻസിസ് പാപ്പാ നടത്തിയത്. 'മറ്റുള്ളവർ, നിങ്ങൾക്ക് എന്തു ചെയ്തുതരണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവോ, അതുപോലെതന്നെ മറ്റുള്ളവരോടും ചെയ്യുക. നമുക്ക് സംരക്ഷണം ആവശ്യമുണ്ട്. നാം മറ്റുള്ളവരേയും സംരക്ഷിക്കുക. നമുക്ക് ജീവൻ ആവശ്യമുണ്ട്, മറ്റുള്ളവരുടെയും ജീവനെ സംരക്ഷിക്കുക. നമുക്ക് അവസരങ്ങളും സ്വാതന്ത്ര്യവും ആവശ്യമുണ്ട്. മറ്റുള്ളവരുടെയും സ്വാതന്ത്ര്യത്തെ മാനിക്കുക. ലോകമെങ്ങും വധശിക്ഷ നിർത്തലാക്കണമെന്ന് പാപ്പാ തറപ്പിച്ചു പറഞ്ഞു. മറ്റുള്ളവർക്കുനേരെ ഉപയോഗിക്കുന്ന അളവുകോലായിരിക്കും നമുക്കു നേരെ കിട്ടു. ജീവനെ നാം നശിപ്പിച്ചാൽ , നമ്മുടെ ജീവനും നശിക്കും.'' ഭ്രൂണഹത്യക്കും കുടുംബബന്ധത്തിനും എതിരെയുള്ള അമേരിക്കയിലെ നിയമപരമായ നീക്കങ്ങൾക്കെതിരെ പാപ്പാ പ്രതികരിച്ചു.

അനധികൃതകുടിയേറ്റക്കാർക്ക് എതിരെ മുഖം തിരിക്കരുതെന്നും മത-വംശീയ ന്യൂനപക്ഷങ്ങളോട് വിവേചനം കാണിക്കരുതെന്നും പാപ്പാ പ്രത്യേകം ഓർമ്മിപ്പിച്ചു. നാമെല്ലാം ഒരിക്കൽ അഭയാർത്ഥികളായിരുന്നു. ഇവിടെ രണ്ടാംലോകമഹായുദ്ധത്തിനുശേഷം ഇതുവരെ കാണാത്ത അഭയാർത്ഥിപ്രവാഹത്തിനാണ് ലോകം സാക്ഷ്യം വഹിക്കുന്നത്,. മെച്ചപ്പെട്ട ജീവിതസാഹചര്യം തേടിയെത്തുന്ന അഭയാർത്ഥികളെ ശത്രുക്കളായി കാണാതെ, സഹാനുഭൂതിയോടെ അവരോട് പെരുമാറാൻ ലോകരാജ്യങ്ങൾക്ക് കഴിയണമെന്ന് ഫ്രാൻസിസ് പാപ്പാ പറഞ്ഞു.

മാർപാപ്പയുടെ യുഎസ് കോൺഗ്രസിലെ പ്രഭാഷണം ചരിത്രപ്രാധാന്യമുള്ളതാണ.് കോൺഗ്രസിന്റെ ഇരുസഭകളുടെയും സംയുക്തസമ്മേളനത്തെ ആദ്യമായാണ് ഒരു പാപ്പാ അഭിസംബോധന ചെയ്യുന്നത്. കോൺഗ്രസ്സ് അംഗങ്ങൾക്കുപുറമെ, സുപ്രീം കോടതിജഡ്ജിമാർ, നയതന്ത്രപ്രതിനിധികൾ, മറ്റു വിശിഷ്ടാതിഥികൾ, മാധ്യമപ്രവർത്തകർ തുടങ്ങി വലിയൊരു സദസിനെയാണ് പാപ്പാ അഭിസംബോധന

ചെയ്തത്. പ്രഭാഷണത്തിനിടയിൽ 34 പ്രാവശ്യം കോൺഗ്രസ്സ് അംഗങ്ങൾ എഴുന്നേറ്റുനിന്നും അല്ലാതെയും പാപ്പായുടെ വാക്കുകളെ സ്വാഗതം ചെയ്തു.